# O.S.S.A.E.

## വാർഷിക പരീക്ഷ

### ചോദ്യപേപ്പറിന്റെ മാതൃക

Class XI | Time 2 hrs | Marks 50

**ഒറ്റവാചകത്തിൽ ഉത്തരമെഴുതുക (1–5)** 5

1. വി. കുർബ്ബാനയുടെ പരസ്യമായ ഭാഗത്തിന്റെ രണ്ടു വിഭാഗങ്ങൾ ഏവ?
2. പൗരസ്ത്യ സന്ന്യാസിമാരുടെ പ്രാർത്ഥനാമന്ത്രം എന്തായിരുന്നു?
3. 2017 ലെ സുപ്രീംകോടതിവിധിയിൽ 1934 എന്ന വർഷത്തിന് അധികം പ്രാധാന്യമുണ്ടായി. എങ്ങനെ?
4. വ്യത്യസ്ഥ മതവിഭാഗങ്ങൾ തമ്മിലുള്ള വിവാഹകാര്യത്തിൽ ഓർത്തഡോക്സ് സഭയും കത്തോലിക്കാസഭയും തമ്മിലുള്ള വ്യത്യാസം എന്ത്?
5. സർവ്വോദയ എന്ന വാക്കിന്റെ അർത്ഥമെന്ത്?

**പേരെഴുതുക (6–14)** 18

6. പുതിയനിയമ എഴുത്തുകാർ പുതിയനിയമഉദ്ധരണികൾ ധാരാളമായി ഉപയോഗിക്കുവാൻ കാരണമെന്ത്?
7. ഉദയംപേരൂർ സുന്നഹദോസിന്റെ പ്രാധാന്യം എന്ത്?
8. വിവാഹകൂദാശയുടെ വിവിധ ഭാഗങ്ങൾ ഏവ?
9. ഓറിയന്റൽ ഓർത്തഡോക്സ് സഭ എന്നാൽ എന്ത്?
10. ബാലനീതിനിയമം എന്നാൽ എന്ത്?
11. തൂയോബോ എന്നാൽ എന്ത്?
12. വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ സങ്കീർത്തനഭാഗം ഏത്?
13. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമ്പരാഗത ആരാധനാരീതി തന്നെ പിൻതുടരുന്ന മറ്റു സഭകൾ ഏവ?
14. വി. കുർബാനയിൽ ഉപയോഗിക്കുന്ന തക്സാ വി. യാക്കോബിന്റെ തക്സായാണെന്നു തിരിച്ചറിയാൻ സാഹായിക്കുന്ന ഏതെങ്കിലും ഒരു വാചകം എഴുതുക.

**ഓരോ ഖണ്ഡികയിൽ (100 വാക്കിൽ കവിയാതെ) ഉത്തരമെഴുതുക (15–20)** 18

15. കുടുംബബന്ധങ്ങൾ ശക്തമാക്കുവാനുള്ള നടപടികൾ.
16. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ നേട്ടങ്ങൾ.
17. മതമൗലികവാദം
18. മാറാനായപ്പെരുന്നാളുകൾ.
19. ഓർത്തഡോക്സ് ആരാധനയിൽ വി. വേദപുസ്തകത്തിനുള്ള സ്ഥാനം.
20. ഖണ്ഡിപ്പിന്റെ ശുശ്രൂഷ.

**പ്രാർത്ഥന (21–23)** **3**

21. ത്രിത്വത്തോടുള്ള പ്രാർത്ഥനയുടെ ആദ്യവാചകം എഴുതുക
22. ഒൻപതാം മണി നമസ്കാരത്തിൽ ഉപയോഗിക്കുന്ന മരിച്ചവർക്കുവേണ്ടിയുള്ള ബോവൂസോ ഏത്?
23. മാർ അപ്രേമിന്റെ മെമ്രായുടെ ആദ്യ നാലുവരികൾ എഴുതുക.

**ഗീതം (24)** **3**

24. 'അത്ഭുതമാം ഫലമേകും വൃക്ഷം' എന്നു തുടങ്ങുന്ന ഗീതത്തിൽ വി. വേദപുസ്തകത്തിലെ മൂന്നു സംഭവങ്ങളുടെ സൂചനയുണ്ട്. ഏതെല്ലാം?

**പ്രോജക്ട് (25)** **3**

25. നിങ്ങൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ ഘടന എങ്ങനെയായിരിക്കും?